بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 24.02.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ബദ്രി സ്വഹാബക്കളുടെ ഗുണവിശേഷണങ്ങൾ

اَشْھَدُ اَنْ لَّاۤ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ۝ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝ اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ الرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ ۝ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ۝

നേരത്തെ പരാമർശിച്ചിരുന്ന ബദ്രി സ്വഹാബാക്കളെ സംബന്ധിച്ച്, ഞാൻ വിട്ടുപോയിരുന്ന ഭാഗങ്ങൾ ഇന്നും തുടരുകയാണ്. ഇതോടുകൂടി ഞാൻ വിവരിക്കാൻ ആഗ്രഹിച്ചിരുന്ന ഈ ബദ്രി സ്വഹാബാക്കളെക്കുറിച്ചുള്ള ഈ പരമ്പര അവസാനിക്കുന്നതാണ്.

ഹദ്റത്ത് ആമിർ ബിൻ റബീഅയെക്കുറിച്ച് ഇപ്രകാരം എഴുതിയിരിക്കുന്നു, അദ്ദേഹത്തിന്റെ പിതാവിന്റെ പേര് റബീഅ ബിൻ കഅബ് ബിൻ മാലിക് ബിൻ റബീഅ എന്നാണ്. അദ്ദേഹത്തിൽ നിന്നും ചില നിവേദനങ്ങളും ലഭിക്കുന്നുണ്ട്. (അദ്ദേഹത്തിന്റെ മകൻ) അബ്ദുല്ലാഹ് ബിൻ ആമിർ തന്റെ മാതാവ് ഹദ്റത്ത് ഉമ്മെ അബ്ദുല്ലാഹ് ലൈലാ ബിൻത് അബൂഹഥ്മയിൽനിന്ന് വിവരിക്കുന്നു: ഞങ്ങൾ അബിസീനിയയിലേക്ക് യാത്ര പോകുകയായിരുന്നു. ആമിർ ബിൻ റബീഅ ജോലിയുമായി ബന്ധപ്പെട്ട് എവിടെയോ പോയിരുന്നു. അവിശ്വാസിയായിരുന്ന ഹദ്റത്ത് ഉമർ(റ) അപ്പോൾ അവിടെ വന്നു ചോദിച്ചു: (എങ്ങോട്ടെങ്കിലും) പുറപ്പെടുകയാണോ? ഞാൻ പറഞ്ഞു: അതെ. ഞങ്ങൾ അല്ലാഹുവിന്റെ ഭൂമിയിലേക്ക് പോകുന്നു. അല്ലാഹു നമുക്കായി അത് വിശാലമാക്കിത്തരട്ടെ. നിങ്ങൾ ഞങ്ങളെ വളരെയധികം വേദനിപ്പിക്കുകയും ഒരുപാട് ബുദ്ധിമുട്ടിക്കുകയും ചെയ്തു. ഹദ്റത്ത് ഉമർ പറഞ്ഞു: അല്ലാഹു നിങ്ങളെ കാത്തുരക്ഷിക്കട്ടെ. ഹദ്റത്ത് ഉമറിന്റെ ശബ്ദത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത മാറ്റമാണ് അന്ന് ഞാൻ കണ്ടതെന്ന് അവർ പറയുന്നു. ഞങ്ങളുടെ യാത്ര അദ്ദേഹത്തെ സങ്കടപ്പെടുത്തിയിരുന്നു. ഹദ്റത്ത് ആമിർ മടങ്ങിയെത്തിയപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: നിങ്ങൾ ഉമറിനേയും അദ്ദേഹത്തിൽ വന്ന മാറ്റവും കണ്ടോ? ഹദ്റത്ത് ആമിർ ചോദിച്ചു: അദ്ദേഹം മുസ്‌ലിമാകണമെന്ന് നിങ്ങളാഗ്രഹിക്കുന്നുണ്ടോ? ഒരു പക്ഷെ ഖത്താബിന്റെ കഴുത മുസ്‌ലിമായെന്നുവരാം; ആ വ്യക്തിക്ക് ഇസ്‌ലാം മതം സ്വീകരിക്കാൻ കഴിയില്ല. ഹദ്റത്ത് ലൈലാ പറയുന്നു: ഹദ്റത്ത് ഉമറിന്റെ ഇസ്‌ലാമിനോടുള്ള എതിർപ്പും കടുംപിടുത്തവും കാരണം തന്നിൽ ഉടലെടുത്ത നിരാശയാണ് അമീറിനെ ഇങ്ങനെ പറയിപ്പിച്ചത്.

ഹദ്റത്ത് ആമിർ ബിൻ റബീഅ പറഞ്ഞതായി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ വിവരിക്കുന്നു: പ്രവാചകൻ(സ) സൈനിക നീക്കത്തിനായി അയക്കുമ്പോൾ ഞങ്ങളുടെ പക്കൽ ഒരു സഞ്ചി ഈത്തപ്പഴം മാത്രമേ ഉണ്ടാകുമായിരുന്നുള്ളൂ. സൈന്യത്തിന്റെ അമീർ ഞങ്ങൾക്കിടയിൽ ഒരു പിടി ഈത്തപ്പഴം വിതരണം ചെയ്യാറുണ്ടായിരുന്നു. ക്രമേണ, അത് തീർന്നുപോകും, അങ്ങനെ ഒരു ഈത്തപ്പഴം മത്രമേ ഒരാൾക്ക് ലഭിക്കുമായിരുന്നുള്ളൂ. ഒരു ഈത്തപ്പഴംകൊണ്ട് എന്ത് ലഭിക്കാനാണ് എന്ന് ഞാൻ എന്റെ പിതാവിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: (മകനേ) അങ്ങനെ പറയരുത്; കാരണം നമുക്ക് അത് പോലും ലഭിച്ചില്ലെങ്കിൽ ആണ് അതിന്റെ പ്രാധാന്യം അറിയുക.

ഹദ്റത്ത് ഉമർ(റ) തന്റെ ഖിലാഫത്ത് കാലത്ത് ഖൈബർ പ്രദേശത്ത് നിന്ന് ജൂതന്മാരെ പുറത്താക്കിയപ്പോൾ, വാദി ഖുറായുടെ ഭൂമി വിതരണം ചെയ്യപ്പെട്ട ആളുകളിൽ ഹദ്റത്ത് ആമിറും ഉൾപ്പെടുന്നു. ഹദ്റത്ത് ഉമർ ജാബിയയിൽ പോയപ്പോൾ ഹദ്റത്ത് ആമിറും കൂടെയുണ്ടായിരുന്നു. ഒരു നിവേദനമനുസരിച്ച്, ഹദ്റത്ത് ഉമർ(റ) ന്റെ പതാക ഹദ്റത്ത് ആമിറിന്റെ അടുക്കലായിരുന്നു. ഹദ്റത്ത് ആമിർ ബിൻ റബീഅയുടെ മരണത്തെക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ട്, എന്നാൽ അല്ലാമാ ഇബ്നു അസാകിറിന്റെ അഭിപ്രായത്തിൽ, ഹിജ്റ 32 ലെ നിവേദനമാണ് കൂടുതൽ ശരിയായിട്ടുള്ളത്. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് വന്നിട്ടുള്ളത്, ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ശഹാദത്തിനുശേഷം

അദ്ദേഹത്തിന്റെ മയ്യത്ത് വീട്ടിൽനിന്ന് എടുക്കുന്ന തുവരെ അദ്ദേഹം തന്റെ വീട്ടിൽ തന്നെയായിരുന്നു താമസിച്ചിരുന്നത് എന്നാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ആമിർ പിതാവിൽ നിന്ന് വിവരിക്കുന്നു: റസൂലുല്ലാഹ്(സ)ന്റെ കാലത്ത് ഒരാൾ ബനൂ ഫസാറയിൽ നിന്നുള്ള ഒരു സ്ത്രീയെ രണ്ട് ചെരുപ്പ് മഹർ നൽകിക്കൊണ്ട് വിവാഹം കഴിച്ചു. ഈ വിവാഹം സാധുവാണെന്ന് തിരുനബി(സ) പ്രഖ്യാപിച്ചു. തന്റെ പിതാവിൽ നിന്നുള്ള മറ്റൊരു നിവേദനത്തിൽ, അദ്ദേഹം പറയുന്നു: അല്ലാഹുവിന്റെ റസൂൽ(സ) യാത്രയ്ക്കിടെ തന്റെ ഒട്ടകപ്പുറത്ത് ഒട്ടകം പോകുന്ന ദിശയിലേക്ക് തന്റെ മുഖം തിരിച്ചുകൊണ്ട് രാത്രിയിൽ നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

ഹദ്റത്ത് ആമിർ ബിൻ റബീഅ വിവരിക്കുന്നു: ഞാൻ റസൂലുല്ലാഹ്(സ)ന്റെ കൂടെ ഒരു രാത്രി യാത്ര ചെയ്യുകയായിരുന്നു, ഒരു സ്ഥലത്ത് വന്നിറങ്ങിയപ്പോൾ, ഒരാൾ കല്ലുകൾ പെറുക്കി നമസ്കരിക്കാൻ ഒരു സ്ഥലം ഉണ്ടാക്കി. തുടർന്ന് നമസ്കരിച്ചു. രാവിലെ മനസ്സിലായി ഞങ്ങളുടെ മുഖം ഖിബ്‌ലയുടെ ഭാഗത്തേക്ക് ആയിരുന്നില്ല എന്ന്. ഞങ്ങൾ അല്ലാഹുവിന്റെ റസൂൽ(സ)നോട് ഇതിനെപറ്റി ചോദിച്ചപ്പോൾ അല്ലാഹു ഈ വചനം അവതരിപ്പിച്ചു. وَلِلّٰهِ الْمَشْرِقُ وَالْمَغْرِبُ ۚ فَاَيْنَمَا تُوَلُّوْا فَثَمَّ وَجْهُ اللّٰهِ കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാണ്, അതിനാൽ നിങ്ങൾ എവിടെ തിരിഞ്ഞാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ട്. അതായത് തെറ്റിദ്ധാരണ മൂലമാണ് സംഭവിച്ചതെങ്കിൽ കുഴപ്പമില്ല. ഈ സൂക്തം ആ സമയത്ത് അവതരിക്കണമെന്നില്ല; നബി(സ) ഇക്കാര്യം വിശദീകരിക്കാൻ വേണ്ടിയുമാകാം ഈ വചനം അപ്പോൾ ഓതിയത്.

ഹദ്റത്ത് ആമിർ ബിൻ റബീഅ പറയുന്നു: അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: ആരെങ്കിലും എനിക്ക് ഒരു തവണ സ്വലാത്ത് ചൊല്ലിയാൽ, അല്ലാഹു അവന് പത്ത് തവണ അനുഗ്രഹം അയക്കുന്നു. അതിനാൽ എനിക്ക്മേൽ കുറച്ചോ കൂടുതലോ സ്വലാത്ത് ചൊല്ലുന്നത് നിങ്ങളുടെ ഇഷ്ടമാണ്. മറ്റൊരു നിവേദനത്തിൽ, അല്ലാഹുവിന്റെ റസൂൽ(സ) പറഞ്ഞു: ഒരൾ എനിക്ക് സ്വലാത്ത് ചൊല്ലുന്ന അവസ്ഥയിൽ തുടരുന്നിടത്തോളം, മലക്കുകളും അവനിൽ സമാധാനത്തിനായി പ്രാർത്ഥിക്കുന്നു. അതിനാൽ, കൂടുതൽ തവണ സ്വലാത്ത് ചൊല്ലുന്നതും കുറച്ച് ചൊല്ലുന്നതും ദാസരുടെ അധികാരത്തിലാണ്.

അടുത്ത പരാമർശം ഹദ്റത്ത് ഹറാം ബിൻ മിൽഹാൻ ആണ്. സ്വഹാബാക്കളുടെ ത്യാഗത്തിന്റെ ആത്മാവിനെ കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് പറയുന്നു: യുദ്ധത്തിൽ ശഹീദാകുക എന്നത് യഥാർഥ ആശ്വാസവും സന്തോഷവുമാണെന്ന് അറിയാവുന്ന വിധത്തിൽ ആയിരുന്നു സ്വഹാബത്ത് യുദ്ധത്തിന് പോയിരുന്നത് എന്ന് ചരിത്രം വായിക്കുന്നതിൽ നിന്ന് നമുക്ക് അറിയാൻ സാധിക്കുന്നു. അതുകൊണ്ട് തന്നെ അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെടുക എന്നത് അവർക്ക് യഥാർഥ ആശ്വാസമായി തോന്നിയ ഇത്തരം സംഭവങ്ങൾ ധാരാളമായി സ്വഹാബികളുടെ ചരിത്രങ്ങളിൽ കാണാം. ഉദാഹരണത്തിന്, മധ്യ അറേബ്യയിലെ ഒരു ഗോത്രത്തിലേക്ക് പ്രബോധനത്തിനായി പ്രവാചകൻ(സ) അയച്ച സംഘത്തിൽ ഹറാം ബിൻ മിൽഹാൻ, ആമിർ ഗോത്രത്തലവനായ ആമിർ ബിൻ തുഫൈലിന്റെ അടുക്കലേക്ക് ഇസ്‌ലാമിന്റെ സന്ദേശവുമായി പോയി. മറ്റുള്ളവർ പിന്നിലായിരുന്നു. ആദ്യം ആമിർ ബിൻ തുഫൈലും കൂട്ടാളികളും അവരെ കാപട്യത്തോടെ സ്വീകരിച്ചു. എന്നാൽ അവർ സമാധാനത്തോടെ ഇരുന്നു തബ്‌ലീഗ് തുടങ്ങിയപ്പോൾ, ദുഷ്ടന്മാർ ഒരാളോട് ആംഗ്യം കാണിച്ചു. സൂചന ലഭിച്ചയുടനെ അയാൾ ഇബ്നു മിൽഹാനെ പിന്നിൽനിന്ന് കുന്തംകൊണ്ട് കുത്തി; അദ്ദേഹം താഴെ വീണു. താഴെ വീഴുമ്പോൾ, അദ്ദേഹത്തിന്റെ നാവിലൂടെ പുറത്തുവന്നത്, *അല്ലാഹു അക്ബർ ഫുസ്തു വ റബ്ബിൽ കഅബ* അതായത് അല്ലാഹുവാണ് വലിയവൻ കഅ്ബയുടെ നാഥനാണെ, ഞാൻ ലക്ഷ്യം പ്രാപിച്ചിരിക്കുന്നു എന്നാണ്. തുടർന്ന് ഈ ദുഷ്ടന്മാർ ബാക്കിയുള്ള സഹാബികളെ ഉപരോധിക്കുകയും അവരെ ആക്രമിക്കുകയും ചെയ്തു. ഈ അവസരത്തിൽ ഹദ്റത്ത് അബൂബക്കർ മോചിപ്പിച്ച അടിമ ആമിർ ബിൻ ഫഹീറയെക്കുറിച്ച് പരാമർശിക്കപ്പെടുന്നുണ്ട്. പിന്നീട് മുസ്‌ലിമായി മാറിയ അദ്ദേഹത്തിന്റെ കൊലപാതകി, താൻ മുസ്‌ലിമാകാൻ കാരണമായി പറയാറുണ്ടായിരുന്നത് ഞാൻ ആമിർ ബിൻ ഫഹീറയെ ശഹീദാക്കിയപ്പോൾ അദ്ദേഹത്തിന്റെ വായിൽനിന്ന് സ്വതസിദ്ധമായി വന്നത്, *ഫുസ്തു വല്ലാഹ്* അതായത് അല്ലാഹുവാണെ, ഞാൻ എന്റെ ലക്ഷ്യത്തിലെത്തി. (ആ സ്വാധീന ഫലമായാണ് ഞാൻ മുസ്‌ലിമായത്) സഹാബികളെ സംബന്ധിച്ചിടത്തോളം മരണം ദുഖത്തേക്കാൾ അവർക്ക് സന്തോഷം നൽകുന്നതായിരുന്നുവെന്ന് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നു.

ഹദ്റത് സഅദ് ബിൻ ഖൗലയെ കുറിച്ചുള്ള വിവരണമാണ് ഇനി. ആമിർ ബിൻ സഅദ് തന്റെ പിതാവ് സഅദ് ബിൻ വഖാസിൽ നിന്ന് നിവേദനം ചെയ്യുന്നു: അദ്ദേഹം പറയുകയുണ്ടായി. റസൂലുല്ലാഹ്[സ] ഹജ്ജത്തുൽ വിദായുടെ അവസരത്തിൽ ഞാൻ രോഗിയായപ്പോൾ എന്നെ സന്ദർശിച്ചു. ഞാൻ മരണത്തോട് മല്ലിടുന്ന സമയമായിരുന്നു അത്. ഞാൻ പറഞ്ഞു: എത്രത്തോളം യാതന എനിക്ക് അനുഭവിക്കേണ്ടി വരുന്നുണ്ടെന്ന് താങ്കൾ കാണുന്നുണ്ടല്ലോ.? (ധാരാളം സ്വത്തുള്ള) എനിക്ക് അനന്തരാവകാശിയായി ഒരു പെൺകുട്ടി മാത്രമേ ഉള്ളൂ. (ഞാൻ മൂന്നിൽ രണ്ടുഭാഗം സദഖ നൽകട്ടെ എന്ന് ചോദിച്ചപ്പോൾ) നബി പറഞ്ഞു: മൂന്നിലൊന്ന് സദഖ നൽകുക. എന്നിട്ട് ഇപ്രകാരം കൂട്ടിച്ചേർത്തു താങ്കൾ അനന്തരാവകാശികളെ നല്ല നിലയിൽ ഉപേക്ഷിക്കുന്നത് അവരെ ആശ്രിതരായി ഉപേക്ഷിക്കുന്നതിനേക്കാൾ മെച്ചപ്പെട്ടതാണ്. താങ്കൾ ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് ചെലവഴിക്കുന്നത് എല്ലാം തന്നെ ദൈവത്തിന്റെ പക്കൽനിന്നും താങ്കൾക്ക് പ്രതിഫലം ലഭിക്കുന്നതിന് കാരണമാകും എത്രത്തോളം എന്നാൽ താങ്കൾ താങ്കളുടെ പത്നിയുടെ വായിൽ ഒരു ഉരുളയിട്ടു കൊടുത്താലും താങ്കൾക്ക് പ്രതിഫലം ലഭിക്കുന്നതാണ്. ഹിജ്റത്തിന് ശേഷം അദ്ദേഹം മക്കയിൽ വെച്ച് മരണപ്പെടുകയുണ്ടായി.

ഹദ്റത് അബുൽ ഹൈഥം ബിൻ അൽ തയ്ഹാനെ കുറിച്ചുള്ള വിവരണമാണ് ഇനി. അദ്ദേഹം റസൂലുല്ലാഹ്[സ]യോട് പറഞ്ഞു: ഏറ്റവുമാദ്യം ഞാൻ അങ്ങയിൽ ബൈഅത്ത് ചെയ്യുന്നതാണ്. എപ്രകാരമാണ് അങ്ങേക്ക് ബൈഅത്ത് ചെയ്യേണ്ടത് എന്ന് പറഞ്ഞുതന്നാലും. തിരുനബി[സ] പ്രതിവചിച്ചു: ബനീ ഇസ്റാഈല്യർ മൂസാക്ക് ബൈഅത്ത് ചെയ്തപ്പോൾ പറഞ്ഞ കാര്യത്തിൽ നിങ്ങൾ എനിക്കും ബൈഅത്ത് ചെയ്യുക. അദ്ദേഹം യുദ്ധവേളകളിൽ രണ്ടു വാളുകൾ തൂക്കിയിടാറുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് ദുസ്സൈഫൈൻ എന്ന പേരുമുണ്ട്. അദ്ദേഹം സിഫ്ഫീൻ യുദ്ധത്തിൽ ആണ് ശഹാദത്ത് വരിച്ചത്.

അടുത്ത പരാമർശം ഹദ്റത് ആസിം ബിൻ സാബിത്തിനെ കുറിച്ചാണ്. ഉഹദ് യുദ്ധവേളയിൽ റസൂലുല്ലാഹ്[സ]യുടെ അടുത്ത് ഉണ്ടായിരുന്നവരിൽ ആസിം ബിൻ സാബിത്തും ഉൾപ്പെട്ടിരുന്നുവെന്ന് ഹദ്റത് ഇമാം റാസി രേഖപ്പെടുത്തിയിരിക്കുന്നു.

അടുത്തതായി പരാമർശിക്കുന്ന സ്വഹാബി ഹദ്റത് സഹൽ ബിൻ ഹനീഫ് അൻസാരി ആണ്. ഉഹ്ദിൽ തിരുനബിയുടെ അടുത്തുണ്ടായിരുന്നവരിൽ ഹദ്റത് സഹൽ ബിൻ ഹനീഫും ഉണ്ടായിരുന്നു എന്ന് നിവേദനങ്ങളിൽ വന്നിട്ടുണ്ട്.

ഉമൈർ ബിൻ സഈദിൽ നിന്നും നിവേദനം: ഹദ്റത് അലി, സഹൽ ബിൻ ഹനീഫിന്റെ ജനാസ നമസ്കരിപ്പിച്ചതിൽ അഞ്ചു തക്ബീർ ചൊല്ലിയിരുന്നു. ജനങ്ങൾ ചോദിച്ചപ്പോൾ ഹദ്റത് അലി പറഞ്ഞു: ഇത് ബദർ സഹാബിയായ സഹൽ ബിൻ ഹനീഫ് ആണ്. ബദ്ർ സഹാബികൾക്ക് മറ്റുള്ളവരെക്കാൾ ശ്രേഷ്ഠതയുണ്ട്. അതുകൊണ്ട് തന്നെ അവരുടെ ശ്രേഷ്ഠത നിങ്ങൾക്ക് മനസ്സിലാക്കി തരാൻ ആണ് ഞാൻ ഒരു തക്ബീർ അധികം ചൊല്ലിയത്.

അടുത്തത് ജബ്ബാർ ബിൻ സ്വഖറിനെ കുറിച്ചുള്ള പരാമർശമാണ്. ഹദ്റത് അലി[റ]നെ നൂറ്റിയമ്പത് സൈനികരുമായി ബനൂ തേ യിലുള്ള ഫുലസ് എന്ന ബിംബത്തെ പൊളിക്കാനായി അയക്കുകയുണ്ടായി. ആ യുദ്ധത്തിന് തിരുനബി ഹദ്റത് അലിക്ക് ഒരു കറുത്ത നിറത്തിലുള്ള വലിയ പതാകയും വെളുത്ത നിറത്തിലുള്ള ഒരു ചെറിയ പതാകയും നൽകി. ഹദ്റത് അലി പ്രഭാത വേളയിൽ ഹാതിം നിവാസികളെ ആക്രമിക്കുകയും ഫുലസ് ബിംബത്തെ പൊളിക്കുകയും ചെയ്തു. ആ സമയത്ത് യുദ്ധക്കൊടി ഹദ്റത് ജബ്ബാർ ബിൻ സ്വഖറിന്റെ പക്കലായിരുന്നു.

ഏതായാലും സഹാബാക്കളെ കുറിച്ച് ഞാൻ പറയാൻ ഉദ്ദേശിച്ചിരുന്ന കാര്യങ്ങൾ ഇവിടെ അവസാനിക്കുകയാണ്. ഇതോടൊപ്പം ഞാൻ പാകിസ്ഥാനിലെ അഹ്മദികൾക്ക് വേണ്ടി ദുആ ചെയ്യണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അവരുടെ വിഷമകരമായ അവസ്ഥ എളുപ്പമുള്ളതാകുന്നതിന് വേണ്ടിയും നീതി നടപ്പിലാക്കുന്നവർക്കും നിയമം നടപ്പിലാക്കുന്നവർക്കും അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും പേരിൽ അതിക്രമം പ്രവർത്തിക്കുന്നവർക്കും അല്ലാഹു ബുദ്ധി നൽകുന്നതിന് വേണ്ടിയും അല്ലെങ്കിൽ അല്ലാഹു അവരെ തന്റെ പിടിയിൽ കൊണ്ടുവരുന്നതിന് വേണ്ടിയും ദുആ ചെയ്യുക. രണ്ടാമതായി ബുർക്കിനാഫാസോക്ക് വേണ്ടിയും ദുആ ചെയ്യുക. അവിടെയും പ്രയാസങ്ങൾ ഉണ്ട്. ഭീകരവാദികളുടെ പ്രവർത്തനങ്ങൾ പഴയപടി തന്നെയാണ്. അല്ലാഹുവിന്റെയും റസൂലിന്റെയും പേരിൽ അതിക്രമം പ്രവർത്തിക്കുന്നു. പിന്നെ അൾജീരിയക്ക് വേണ്ടിയും ദുആ ചെയ്യുക. അവിടെയും ചില സർക്കാർ ഉദ്യോഗസ്ഥരും കോടതികളും തെറ്റായ രീതിയിൽ അഹ്മദികൾക്ക് മേൽ അതിക്രമം പ്രവർത്തിക്കുന്നു.

അല്ലാഹു എല്ലാവരെയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. പ്രത്യകമായും ദുആകളിലും സദഖകളിലും ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. അല്ലാഹു എതിരാളികളുടെ ഉപദ്രവത്തിൽനിന്ന് എല്ലാവരെയും സംരക്ഷിക്കുമാറാകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് അഹ്മദിയ്യാ വിരോധികൾ ഫെബ്രുവരി 19 നു വെടിയുതിർത്ത് ശഹീദാക്കിയ പകിസ്താനിലെ ചൗധരി ബശാറത്ത് അഹ്മദ് സാഹിബിന്റെ മകൻ മുഹമ്മദ് റശീദ് സാഹിബ് ശഹീദിനെ കുറിച്ചും ഫെബ്രുവരി ആറിന് തുർക്കിയിൽ ഭൂചലനത്തിൽ വഫാത്തായ ബഹുമാന്യ അമാനി ബസാം അജ്ലാവി സാഹിബയേയും (മൂന്നു വയസ്സ് പ്രായമുള്ള മകൻ) സലാഹ് അബ്ദുൽ മുഈൻ ഖതീശിനേയും മുറബ്ബി സിൽസിലയായ മഖ്സൂദ് അഹ്മദ് മുനീബ് സാഹിബിനേയും അനുസ്മരിക്കുകയും ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയും ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹു തആല ഇവർക്ക് മഗ്ഫിറത്തും കാരുണ്യവും നൽകുകയും പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 24.02.2023

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516